Deshabhimani 17-02-19, p-12

■ ജനറൽകൗൺസിൽ

# കാർഷിക സർവകലാശാലയിൽ കാലാവസ്ഥാ ഗവേഷണത്തിന് മുൻഗണന

മണ്ണുത്തി

കാർഷിക മേഖലയിൽ കാലാവസ്ഥാ വ്യതിയാന പ്രതിരോധശേഷി പ്രദാനം ചെയ്യാനാവശ്യമായ ഗവേഷണപ്രവർത്തനങ്ങൾക്ക് മുൻഗണന നൽകാൻ കാർഷിക സർവകലാശാലാ ജനറൽകൗൺസിലിന്റെ പ്രത്യേക യോഗം ശുപാർശ ചെയ്തു. പ്രളയാനന്തര കാർഷിക സ്ഥിതി വിലയിരുത്താൻ വിളിച്ചു ചേർത്ത കൗൺസിൽ യോഗത്തിൽ സർവകലാശാല പ്രളയാനന്തര കാർഷിക പുനരുദ്ധാരണത്തിനായി കൈക്കൊണ്ട നടപടികൾ വൈസ് ചാൻസലർ ഡോ. ആർ ചന്ദ്രബാബു വിശദീകരിച്ചു.

സംസ്ഥാനത്തിന്റെ സുസ്ഥിര ഹരിതവൽക്കരണം ലക്ഷ്യമാക്കി സർക്കാർ ആവിഷ്കരിക്കുന്ന കർമപരിപാടികൾക്ക് കാർഷിക സർവകലാശാല സാങ്കേതിക പിന്തുണ നൽകുമെന്ന് വൈസ് ചാൻസലർ സഭയെ അറിയിച്ചു. ഇതിനായി പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്.

യോഗത്തിൽ എംഎൽഎമാരായ കെ രാജൻ, കെ വി വിജയദാസ്, എം വിൻസന്റ്, ഭരണസമിതിയംഗങ്ങളായ ഡോ.എ അനിൽ കുമാർ, ഡോ. കെ അരവിന്ദാക്ഷൻ, ഡോ. ടി പ്രദീപ് കുമാർ, രജിസ്ട്രാർ ഡോ. പി എസ് ഗീതക്കുട്ടി, വിവിധ വകുപ്പധ്യക്ഷന്മാർ തുടങ്ങിയവർ പങ്കെടുത്തു.

കുഞ്ഞമ്മദ് കുട്ടി, പി കെ ശ്രീകുമാർ, ഡോ. ബി സുമ, ഡോ. തോമസ് ജോർജ്, സി എച്ച് മുത്തു തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.